ഹെഡ്കാർട്ടേഴ്സിലും ഫണ്ടുള്ള മുനിസിപ്പാലിറ്റിയും പഞ്ചായത്തും മരുന്നുവാങ്ങിച്ച് കൊടുക്കുന്നതിന് ഒരു വിഹിതം കൊടുക്കണമെന്ന് ഗവൺമെന്റിന് ഉത്തരവ് കൊടുത്തുകൂടേ?

ശ്രീ. കെ.പി. പ്രഭാകരൻ: പല സ്ഥലങ്ങളിലേയും പഞ്ചായത്തുകളും ഗവൺമെന്റ് അനുവദിക്കുകയാണെങ്കിൽ മരുന്ന് വാങ്ങിച്ചുതരാൻ തയ്യാറാണെന്ന് അറിയിക്കുന്നുണ്ട്. ഇതിൽ തീരുമാനം എടുക്കേണ്ടത് ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പാണ്. വകുപ്പുമന്ത്രി അത് തീരുമാനിക്കുകയാണെങ്കിൽ നല്ല കാര്യമാണ്.

(543 ഉം 544 ഉം ചോദ്യങ്ങൾ ചോദിച്ചില്ല).

ഫാമിംഗ് കോർപ്പറേഷന്റെ അധീനതയിലുള്ള കൃഷിക്കുപയോഗപ്പെടുത്താത്ത ഭൂമി

* 508 [545] ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. പി. ശങ്കർ:
,, എം.കെ. കേശവൻ:
,, ഇ.പി. ഗോപാലൻ:
,, ഇ.കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിംഗ് കോർപ്പറേഷന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്;

(സി) കശുമാവിൻ തൈ വച്ചു പിടിപ്പിച്ചിട്ടുള്ള ഭാഗങ്ങളിൽ ഇടക്കാടുവെട്ടാത്തതുമൂലം തൈകൾക്കു വേണ്ടത്ര വളർച്ചയില്ലാ എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) കോർപ്പറേഷന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയും കൃഷിക്ക് അനുയോജ്യമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ശങ്കർ: അതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ വല്ല പദ്ധതിയും ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അങ്ങനെ കൃഷി ചെയ്യാതിരിക്കുന്നത് കുറേ ഭൂമി അതിന് അനുയോജ്യമല്ലാത്തതുകൊണ്ടും കുറേ ഭൂമി കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പൂർത്തീകരണത്തോടുകൂടി വെള്ളത്തിനടിയിൽ മുങ്ങിപ്പോകാൻ ഇടയുള്ളതുകൊണ്ടുമാണ്. ബാക്കിയുള്ള സ്ഥലത്ത് കൃഷിചെയ്യുന്നതിനുള്ള പദ്ധതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.പി. ഗോപാലൻ: ഫാമിംഗ് കോർപ്പറേഷന്റെ കീഴിലുള്ള ഈ സ്ഥലങ്ങളിൽ കശുമാവ് വച്ചുപിടിപ്പിക്കാനുള്ള സ്ഥലങ്ങളിൽ അതു കൃഷി ചെയ്യുന്നുണ്ടെന്നാണ് പറയുന്നത്. പ്രത്യേകിച്ച് കശുമാവ് തൈകൾ വച്ചിട്ടുള്ളതിന് ഇടയ്ക്കുള്ള കാട് കാലാകാലങ്ങളിൽ വെട്ടിത്തെളിക്കാത്തതുകൊണ്ട് പ്രയാസം നേരിടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് കാലാകാലങ്ങളിൽ ഈ കാട് വെട്ടിത്തെളിയിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: 567 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട്. ഇടക്കിടക്ക് കാടുവെട്ടലും നടക്കുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇതുകൊണ്ട് പ്രത്യേകമായി ഉദ്ദേശിച്ചിരിക്കുന്നത് കരിമ്പു കൃഷിയാണ്. അല്പാത്ത സ്ഥലത്ത് കശുമാവ് കൃഷിയും ചെയ്യുന്നുണ്ട്. കരിമ്പു കൃഷിക്കുള്ള ഭൂമി വളരെ ഫെർട്ടയിലാണെങ്കിലും ഇറിഗേഷൻ സൗകര്യമില്ലാത്തതുകൊണ്ട് പ്രൊഡക്ഷൻ കുറവാണെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് അവിടെ ഇറിഗേഷൻ സൗകര്യം ചെയ്തുകൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോഴും കരിമ്പു കൃഷി ചെയ്യുന്ന സ്ഥലത്ത് അതിനുള്ള സൗകര്യമുണ്ട്. അതില്ലാത്ത സ്ഥലത്ത് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ഈ ഫാമിംഗ് കോർപ്പറേഷന്റെ ചെയർമാനായി ആരെയാണ് ഗവൺമെന്റ് നിയമിച്ചിട്ടുള്ളത്? അദ്ദേഹത്തിന് ഈ ഫാമിംഗ് കോർപ്പറേഷന്റെ ഭരണം നടത്തുന്നതിനുള്ള പ്രത്യേക യോഗ്യതകൾ എന്തൊക്കെയാണ്?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ചെയർമാനായി പ്രൊഫസർ പി.എസ്. വേലായുധനെയാണ് നിയമിച്ചിട്ടുള്ളത്. അദ്ദേഹത്തിന് അതിനുള്ള യോഗ്യതയുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: അദ്ദേഹത്തിന് ഇതിന്റെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രത്യേക യോഗ്യതകൾ എന്തൊക്കെയാണെന്നു പറയാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിന് അനുയോജ്യമായ ആളാണെന്നാണ് വിചാരിക്കുന്നത്. അതിനുള്ള യോഗ്യതകളെല്ലാം നിർണ്ണയിച്ചിട്ടില്ല. എം.എൽ.എ.മാർക്കും മന്ത്രിമാർക്കും എല്ലാ വിവരങ്ങളും അറിയാമെന്നാണ് സാധാരണ വച്ചിട്ടുള്ളത്. അതുപോലെ അദ്ദേഹത്തിനും എല്ലാം അറിയാമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എം.കെ. കൃഷ്ണൻ: ഫാമിംഗ് കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുള്ളത് പ്രധാനമായി കരിമ്പു കൃഷിയെ ഉദ്ദേശിച്ചാണ്. കരിമ്പു കൃഷിയുടെ കാര്യത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ട് പൂർത്തിയായി വരുമ്പോൾ ഇപ്പോൾ കരിമ്പു കൃഷി നടത്തുന്ന സ്ഥലങ്ങൾ വെള്ളത്തിനടിയിലാകുമെന്നും അതിന്റെ ഫലമായി മന്നം ഷുഗർമിൽ അടക്കമുള്ള ഫാക്ടറികൾക്കാവശ്യമായ കരിമ്പു കിട്ടാത്ത പരിതഃസ്ഥിതി സംജാതമാകുമെന്നും അടുത്തകാലത്ത് ഒരു പത്രപ്രസ്താവന കണ്ടു. അതു ശരിയാണെങ്കിൽ കരിമ്പുകൃഷി നടത്തുന്നതിന് മറ്റു സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.എസ്. ശ്രീനിവാസൻ: കുറേ സ്ഥലം ഇതുപ്രകാരം വെള്ളത്തിനടിയിൽ മുങ്ങിപ്പോകാൻ ഇടയുണ്ട്. അതിനുപകരമായി മറ്റു സ്ഥലങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. അതിനുള്ള പദ്ധതി ഫാമിംഗ് കോർപ്പറേഷനുണ്ട്.

ശ്രീ. ഓ. ലൂക്കോസ്: ഫാമിംഗ് കോർപ്പറേഷൻ എടുത്ത ഭൂമി കൃഷിക്ക് ഉപയുക്തമല്ലെന്നു പറഞ്ഞു. എത്ര ഏക്കറാണ് എടുത്തിട്ടുള്ളത്, കൃഷിക്ക് ഉപയുക്തമല്ലാത്തത് എന്തുമാത്രമുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ആകെ എടുത്തിട്ടുള്ളത് 3828 ഹെക്ടറാണ്. അതിൽ കൃഷിക്ക് അനുയോജ്യമല്ലാത്തത് 878 ഹെക്ടറാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഫാമിംഗ് കോർപ്പറേഷൻ കഴിഞ്ഞ കൊല്ലം കരിമ്പുകൃഷി നടത്തിയ ചിതൽവെട്ടി മുതലായ സ്ഥലങ്ങളിൽ കരിമ്പുവെട്ടാൻ താമസിച്ചതുമൂലം കരിമ്പു നഷ്ടപ്പെടുകയും അതുമാത്രമല്ല വെട്ടിയ കരിമ്പിൽത്തന്നെ പഞ്ചസാരയുടെ ശതമാനം കുറഞ്ഞുപോയി എന്നുമുള്ള വാർത്ത പത്രത്തിൽവന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി നടത്തിയെന്നുപറയാമോ? അതുകൊണ്ട് എന്തു നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: നഷ്ടത്തെപ്പറ്റി ഇപ്പോഴും പറയാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില കാലതാമസമുണ്ടായിട്ടുണ്ട്. അത് കരിമ്പുകൃഷിയെമാത്രം ആശ്രയിച്ചിരിക്കുന്ന പ്രശ്നമല്ല. കരിമ്പുകൃഷിയും മന്നംഷുഗർമിൽ ഫാക്ടറി ഉൾപ്പെടെയുള്ള ഫാക്ടറികളുടെ മൊത്തം പ്രശ്നവും കൂടിയാണ്. എല്ലാറ്റിന്റേയും പ്രശ്നങ്ങൾകൂടി പരിഹരിച്ചുകൊണ്ടേ ഈ ബുദ്ധിമുട്ട് അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. പി.കെ. ശ്രീനിവാസൻ: ചിതൽവെട്ടി ഫാമിൽ ഇതിനു മുൻപുള്ള വർഷത്തേക്കാൾ 100 ശതമാനം വിളവ് വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ശങ്കരനാരായണൻ: ഈ ഫാമിൽ കരിമ്പുകൃഷി മാത്രമേ ചെയ്യാവൂ എന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അങ്ങനെ പ്രത്യേക വ്യവസ്ഥയില്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഫാമിംഗ് കോർപ്പറേഷൻ ഉൾപ്പെടെ പല ഫാമിലും കൃഷിക്കുപയുക്തമായ അനേകം ഏക്കർ ഭൂമി തരിശ്ശിട്ടിരിക്കുന്നതായി ഗവൺമെന്റിനറിയാമോ? അവിടെ കപ്പ, നെല്ല്, വാഴ തുടങ്ങിയ കൃഷികൾ ചെയ്യാമെന്നിരിക്കേ എന്തുകൊണ്ട് അവ കൃഷി ചെയ്യുന്നില്ല എന്നുള്ള കാര്യം വ്യക്തമാക്കാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അങ്ങനെയാണെങ്കിൽ, പലരും കൃഷി ചെയ്യുകയാണെങ്കിൽ കോർപ്പറേഷന് ബുദ്ധിമുട്ടുവരും. മിക്കവാറും കുറേ സ്ഥലം ബാക്കിയുള്ളത് ജലസേചന സൗകര്യം ഉണ്ടാക്കി കരിമ്പുകൃഷി ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വട്ടിയൂർക്കാവ് രവി: 800 ലധികം ഹെക്ടർ സ്ഥലം കൃഷിക്ക് ഉപയുക്തമല്ലെന്നു പറഞ്ഞു. ഇത് കൃഷിക്ക് ഉപയുക്തമല്ലെന്നു കണ്ടുപിടിച്ചത് ആരാണ്? എന്തുകൊണ്ടാണ് ഈ സ്ഥലം കൃഷിക്ക് ഉപയുക്തമല്ലെന്ന തീരുമാനത്തിൽ എത്തിച്ചേർന്നത്? അവിടെ മറ്റു യോജിച്ച രീതിയിലുള്ള കൃഷിചെയ്യാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതെല്ലാം പരിശോധന നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങൾ തീരെ കൃഷി ചെയ്യാൻ പറ്റുകയില്ല. കുറേ സ്ഥലം കല്ലട പ്രോജക്ട് പൂർത്തിയാകുമ്പോൾ വെള്ളത്തിനടിയിലായിപ്പോകുമെന്നുള്ളതുകൊണ്ട് കൃഷി ചെയ്യാൻ കഴിയാതെ വരും.

ആലപ്പുഴ മെഡിക്കൽ കോളേജ്

*509 [546] ശ്രീ. കല്ലട നാരായണൻ:

,, എ.വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റിലാണ് പ്രൊഫസർ ഇല്ലാത്തത്.

(ബി) പ്രസ്തുത ഡിപ്പാർട്ടുമെന്റുകളിൽ പ്രൊഫസറെ നിയമിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ:)

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ആലപ്പുഴ മെഡിക്കൽകോളേജിൽ താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റുകളിൽ പ്രൊഫസർമാരില്ല.

(1) ഫോറൻസിക് മെഡിസിൻ.

(2) ഇ.എൻ.റ്റി.

(3) ഓർത്തോപീഡിക്സ്.

(4) ഡെന്റിസ്ട്രി.

(ബി, സി) പ്രസ്തുത വകുപ്പുകളിൽ പ്രൊഫസറുടെ തസ്തികകൾ ഇപ്പോൾ നിലവിലില്ല. സാമ്പത്തിക ബാദ്ധ്യത കണക്കിലെടുക്കുമ്പോൾ മെഡിക്കൽ കൗൺസിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള എല്ലാ തസ്തികകളും ഉടനടി സൃഷ്ടിക്കുക എന്നുള്ളത് പ്രായോഗികമല്ല. മെഡിക്കൽ കൗൺസിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ പടിപടിയായി അനുവദിക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: നമ്മുടെ സംസ്ഥാനത്തുള്ള മറ്റു മൂന്നു മെഡിക്കൽകോളേജുകളിലും ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ സ്റ്റാഫ് പാറ്റേണനുസരിച്ചുള്ള സ്റ്റാഫുള്ള സ്ഥിതിക്ക് ആലപ്പുഴ മെഡിക്കൽകോളേജിൽമാത്രം ഈ ഡിപ്പാർട്ടുമെന്റുകൾ നിലനിറുത്താതിരിക്കാൻ കാരണമെന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly